## വാണിജ്യ നികുതി വകുപ്പിന്റെ പുനഃസംഘടന

307 [*281] ശ്രീ. ബി. രാഘവൻ :

,, വി. വി. ശശികുമാർ :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പിന്റെ പുനഃസംഘടനയ്ക്കായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) വാണിജ്യ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കൈകൊണ്ടിട്ടുളള നടപടികൾ എന്തെല്ലാമാണ്; ഈവർഷം എത്ര ശതമാനം വർദ്ധന പ്രതീക്ഷിക്കുന്നു; വ്യക്തമാക്കാമോ ;

(സി) ജനുവരി ഒന്നുമുതൽ നികുതി അടയ്ക്കുന്നതിന് ഈ-ഫയലിംഗ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുളള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) വാണിജ്യനികുതി വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇതുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം നൽകാമോ ?

### ഉത്തരം

(എ) കാര്യക്ഷമമായ നികുതി പിരിവിനും അഴിമതി ഇല്ലാതാക്കുന്നതിനും ചെക്ക്പോസ്റ്റിലെ പ്രവർത്തനം സുതാര്യമാക്കുന്നതിനുമായി അഴിമതി രഹിത വാളയാർ എന്ന പദ്ധതി വിജയകരമായി നടപ്പാക്കാൻ സർക്കാരിനു കഴിഞ്ഞു. ഇതിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ചില നടപടികൾ കൈക്കൊള്ളുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിച്ചുവരികയാണ്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു :

1. ആഡംബര നികുതിയും, വർക്സ് കോൺട്രാക്റ്റ് പിരിവും കൂടുതൽ ഊർജ്ജിതമാക്കുവാൻ വകുപ്പ് എല്ലാ ജില്ലകളിലും കൂടുതൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചുകൊണ്ടുളള ഉത്തരവ് നൽകിക്കഴിഞ്ഞു.

2. ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കി നികുതി വെട്ടിപ്പ് തടയാനുളള മാർഗ്ഗങ്ങൾ വകുപ്പ് എടുത്തുവരുന്നു.

3. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഓഫീസുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകൾ ഇല്ലാതിരുന്ന പത്തനംതിട്ട, വയനാട്, കാസർകോഡ് ജില്ലകളിൽ ഈ ഓഫീസുകൾ പുനഃസ്ഥാപിച്ചു.

(ബി) വാണിജ്യ നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് വേണ്ടി വകുപ്പിലെ മിക്കവാറും എല്ലാ ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകുന്നുണ്ട്. പ്രതിമാസ അവലോകനം നടത്തി നികുതി പിരിവ് ശാസ്ത്രീയമായി വർദ്ധിപ്പിക്കാനുളള നിർദ്ദേശങ്ങൾ ജീവനക്കാർക്ക് അപ്പപ്പോൾ നൽകാറുണ്ട്. ആംനസ്റ്റി സ്കീമിലൂടെ കൂടുതൽ പിരിവ് നടത്തുന്നതിന്റെ ഭാഗമായി പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും നികുതിദായകരെ ബോധവാൻമാരാക്കുന്നുണ്ട്. ഫാസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ട്രാക്ക്, ആംനസ്റ്റി പദ്ധതികളിലൂടെ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാനും സർക്കാരിലേക്ക് ലഭിക്കേണ്ടതായ നികുതി തുക ഈടാക്കാനുള്ള നടപടികൾ നടന്നുവരുന്നു. വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുകവഴി വാറ്റ് നികുതി കൂടുതൽ ഫലപ്രദമായി പിരിച്ചെടുക്കാൻ കഴിയും. വാറ്റ് സർക്കിളാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ വർഷം നികുതി പിരിവിൽ ഗണ്യമായ പുരോഗതിക്കുള്ള തീവ്രശ്രമത്തിലാണ്. വർദ്ധനവ് 30 ശതമാനമെങ്കിലും കൈവരിക്കാനാണ് ശ്രമിക്കുന്നത്.

(സി) രജിസ്റ്റർ ചെയ്ത മുഴുവൻ വ്യാപാരികളുടേയും റിട്ടേണുകൾ ഈ-ഫയലിങ് മുഖേന സമർപ്പിക്കാനുള്ള സംവിധാനം 1-1-2009 മുതൽ നടപ്പിൽ വരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരികയാണ്. ചെറുകിട വ്യാപാരികൾക്ക് ഈ സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും അക്ഷയ സെന്ററുകൾ മുഖേന സൗജന്യമായി ഈ-ഫയലിംഗ് സംവിധാനം നടപ്പാക്കുന്ന കാര്യം വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ഇതിനുവേണ്ടുന്ന പരിശീലനം എല്ലാ ജില്ലകളിലേയും അക്ഷയകേന്ദ്രങ്ങൾക്ക് നൽകിവരികയാണ്.

(ഡി) ഈ വക കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

## കെട്ടിക്കിടക്കുന്ന മിച്ചഭൂമി കേസുകൾ

308 [*282] ശ്രീ. പി. കൃഷ്ണപ്രസാദ് :
,, കെ. കെ. ജയചന്ദ്രൻ :
,, കെ. കുഞ്ഞിരാമൻ :
,, സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് ലാന്റ് ബോർഡിലും ഹൈക്കോടതിയിലും കെട്ടിക്കിടക്കുന്ന മിച്ച ഭൂമികേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഏക്കർ മിച്ച ഭൂമിയാണ് വിതരണയോഗ്യമായി സർക്കാരിന്റെ കൈവശമുള്ളത് എന്ന് വ്യക്തമാക്കുമോ;

## ഉത്തരം

(എ) ഉണ്ട്. താലൂക്ക് ലാന്റ് ബോർഡുകൾ മുമ്പാകെയുള്ള കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച്, മിച്ചഭൂമി ഏറ്റെടുക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കൃത്യമായ അവലോകനവും നടത്തുന്നുണ്ട്. സംസ്ഥാനത്ത് 63 താലൂക്ക് ലാന്റ് ബോർഡുകളിലായി നിലവിലുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly